
ഉദയം
ലിറ്റിൽ കൈറ്റ്സ്
ജി.എച്ച്.എസ്.എസ്, പട്ടുവം

# 'ലിറ്റിൽ കൈറ്റ്സ്'
# ജി.എച്ച്.എസ്.എസ്, പട്ടുവം.

ഉള്ളടക്കം

ആശംസ.....8
കഥ.....10
ആ തെരുവുവീഥികളിലൂടെ.....10
കത്തുന്ന ആത്മാവ്.....13
കവിത.....13
വനങ്ങളുടെ സൗഭാഗ്യം.....14
കഥ.....15
കഷ്ടതകൾ മാത്രം കാണുന്ന അമ്മ.....15
ഒരു പരീക്ഷണ കഥ.....17
ലേഖനം.....18
നവമാധ്യമങ്ങളിലൂടെ.....18
കഥ.....21
അന്ന.....21
പട്ടുവം ഗ്രാമത്തിന്റെ ചരിത്രത്തിലേക്ക് ഒരെത്തിനോട്ടം.....24

# എഡിറ്റേർസ്

- ✔ **സ്റ്റാഫ് എഡിറ്റേർസ്**

  നീഷ്മ വി

  സംഗീത വി വി

- ✔ **സ്റ്റുഡൻ്റ്സ് എഡിറ്റേർസ്**

  ദേവനന്ദ വി വി

  അദ്വൈത ഉത്തമൻ

  നന്ദന പവിത്രൻ

- ✔ **ലേ ഔട്ട് & ഡിസൈൻ**

  ആരവ് ദേവ്

  അനുരഞ്ജ് പി

- ✔ **ഫോട്ടോസ്**

  അൽഫിന പി

  സ്നേഹമരിയ ഡി

  ദൃശ്യ ദിനേശൻ

  ശ്രീനന്ദ് വി വി





5ലിറ്റിൽ കൈറ്റ്സ്



# ആശംസ



ലിറ്റിൽ കൈറ്റ്സിന്റെ ആഭിമുഖ്യത്തിൽ സ്കൂളിൽ ഡിജിറ്റൽ മാഗസിൻ പ്രസിദ്ധീകരിക്കുന്നത് തികച്ചും അഭിനന്ദനാർഹമാണ്. കുട്ടികളുടെ അഭിരുചികൾ വളർത്തിയെടുക്കാനും ആധുനിക സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി കുട്ടികളുടെ കഴിവുകൾ വികസിപ്പിക്കാനും ഇത്തരം കലാസൃഷ്ടികൾ ഉപകരപ്രദമാകട്ടെ എന്നആത്മാർത്ഥമായി ആശംസിക്കുന്നു ...


സ്നേഹപൂർവ്വം,

ശ്രീ. ഒ.എം.ഗോപാലൻ മാസ്റ്റർ

എച്ച്. എം

ജി.എച്.എസ്.എസ്, പട്ടുവം

# ആശംസകളോടെ......



നീഷ്മ വി ( എസ് ഐ ടി സി )

സംഗീത വി വി (കൈറ്റ് മാസ്റ്റർ )

റീന ഇ ടി ( സീനിയർ അസിസ്റ്റന്റ് )

അനീഷ് വി ( അധ്യാപകൻ )

സജ്ന കെ ( അധ്യാപിക )

വിദ്യ കെ പി ( അധ്യാപിക )

ആഷ്ന സെബാസ്റ്റ്യൻ ( കൗൺസിലർ )

വിനോദ് ( റിസോഴ്സ് ടീച്ചർ )

ഓഫീസ് സ്റ്റാഫ്സ്

കഥ

അഞ്ജലി സി എച്ച്

ക്ലാസ്:9

# ആ തെരുവുവീഥികളിലൂടെ.....

സന്ധ്യസമയമായിരുന്നു. കോരിച്ചൊരിയുന്ന മഴ. പക്ഷികൾ തന്റെ അഭയസ്ഥാനത്തേക്ക് മാറി അകലുന്നു. എങ്ങും കനത്ത ഇരുട്ട് പ്രാപിക്കുന്നു. ആ നാലുചുമർ മുറിയിൽ അയാൾ ഒറ്റയ്ക്കായിരുന്നു. നിശബ്ദതയിലേക്ക് വഴുതിവീണ ആ സന്ധ്യസമയത്തിൽ ആയാൾ മുറിയുടെ ജനാലയിലൂടെ തെരുവുവീഥികളിലേക്ക് കണ്ണോടിച്ചു.എല്ലാംകൊണ്ടും ശൂന്യമായിരുന്നു ആ തെരുവ്. പക്ഷികളുടെ ചിറകടിശബ്ദവും തെരുവുപട്ടികളുടെ കാലടി ശബ്ദവും ആ നിശബ്ദതയെ മുറിച്ചിടുന്നു.അപ്പോഴേക്കും മഴ മാറിയിരുന്നു.ഒഴിഞ്ഞുപോയ ചില മഴത്തുള്ളികളും ആ നിശബ്ദതയെ അലട്ടി.ആ ജനലിലൂടെ പുറത്തേക്ക് നോക്കുമ്പോൾ അസാധാരണമായ ഭീതി അയാളെ വല്ലാതെ അലട്ടി പൊതിയുന്നുണ്ടായിരുന്നു.ഒറ്റപ്പെട്ടുപോയ തന്റെ നിസഹായാവസ്ഥ കൊണ്ട് അയാൾ എപ്പോഴും അലസനായിരുന്നു.അങ്ങനെ തെരുവുവീഥികളിലേക്ക് നോക്കി നിൽക്കവെ അയാൾ കുറേ വർഷങ്ങൾ മുമ്പുള്ള തന്റെ മകനോടൊപ്പമുള്ള സന്ധ്യാസമയം ഓർത്തെടുത്തു.തന്റെ കുടുംബത്തോടൊപ്പമുള്ള സന്തോഷത്തോടുള്ള ദിവസങ്ങളായിരുന്നു അപ്പോൾ. ആ സമയം അയാൾ ഒറ്റയ്ക്കായിരുന്നില്ല,കൂട്ടിന് കുടുംബമുണ്ടായിരുന്നു. അങ്ങനെ ആ

വർഷങ്ങൾക്കുമുമ്പുള്ള സന്ധ്യാസമയം അയാളുടെ മനസിനെ അലട്ടികൊണ്ടിരിക്കുന്നു. അന്ന് ആ സമയത്ത് അയാളുടെ കൂടെ തന്റെ മകനുണ്ടയിരുന്നു.അങ്ങനെ അവർ രണ്ടുപേരും ആ തെരുവുവീഥികളിലൂടെ നടന്നു നീങ്ങുകയായിരുന്നു. അപ്പോഴാണ് ആ കുഞ്ഞ് ഒരു കടയുടെ ചില്ലുകൂട്ടിലുള്ള ചെറിയ ചുവന്ന കാറിലേക്ക് കണ്ണുതെറ്റിയത്. തെരുവുവീഥിയുടെ സൗന്ദര്യം ആസ്വദിക്കുന്നതിനിടയിലായിരുന്നു ആ കാഴ്ച്ച. ആ കുട്ടി തന്റെ അച്ഛനോട് പറഞ്ഞു എനിക്ക് അത് വേണം എന്ന്. ആ കുട്ടിയുടെ നിഷ്കളങ്കമായ വാക്കിന് അച്ഛൻ മറുപടി കൊടുത്തു വേണ്ട.ആ ഉത്തരം ആ കുട്ടിയുടെ മനസിനെ വല്ലാതെ അലട്ടി. കുട്ടി അപ്പോൾ തന്നെ മറുപടി പറഞ്ഞു.എനിക്ക് അതു വേണ്ട,ഞാൻ വലുതാകും അപ്പോൾ ഞാൻ ഇതുപോലുള്ള കാർ വാങ്ങും.അച്ഛനോട് അന്ന് പറഞ്ഞ വാക്കിലാണൊ എന്നറിയില്ല,അവൻ വളർന്ന് അതുപോലുള്ള ഒരു കാർ വാങ്ങി.ഇപ്പോൾ അവൻ നല്ല സന്തോഷവാനാണ്. പണം കൊണ്ടും എല്ലാംകൊണ്ടും. നിഷ്കളങ്കമായ അവന്റെ അന്നത്തെ ആ വാക്ക് സത്യമായി ഇപ്പോൾ. അച്ഛനോടുള്ള ആ വാശിപ്പുറത്ത് അവൻ എല്ലാം സാധ്യമാക്കി.അപ്പോഴേക്കും അവന് തന്റെ അച്ഛനെ വേണ്ടാതായി. ഇപ്പോൾ അയാൾ ആ വൃദ്ധസദനത്തിന്റെ നാലുചുമർ മുറിയിൽ ഒറ്റയ്ക്കാണ്.അവിടെ അയാളെ പോലെത്തന്നെയുള്ളകുറേ പേർ അയാളുടെ ഒപ്പമുണ്ട്. അനാഥരല്ലെങ്കിലും അനാഥരായി ജീവിക്കുന്നവർ.ജീവിതം എന്ന വാക്കിനോടു പോലും വെറുപ്പുതോന്നിയവർ.അങ്ങനെ ആ മുറിയിൽ ഇരിക്കവെ പെട്ടെന്ന് ഒരു

**കാറ്റ് വന്ന് അയാളുടെ മനസ്സിനെ കുളിർമ ഉള്ളതാക്കി മാറ്റി.ഇപ്പോഴും അയാൾ നോക്കുകയാണ് ആ ജനലിലൂടെ പുറത്തേക്ക്……………**



ദിൽന എം ടി
std 9

# കത്തുന്ന ആത്മാവ്

കവിത

ജ്വലിച്ചുയരുന്ന തീ നാളത്തിൻ ഉള്ളിൽ
ജീവൻ കിതക്കുന്ന പ്രാണശിലകൾ
തീ നാളമെന്നിൽ കൊള്ളുമെങ്കിലും
ഭസ്മമായ് തീരും ഞാനെന്ന ജീവൻ
പ്രാണജീവനായ ഞാൻ ആത്മാവായ-
ലയും വായുവിൻ
കനലെന്ന പ്രാണനെ അണയ്ക്കുവാൻ എൻ കണ്ണീർ
വെള്ളാരം കല്ലുപോലെ ഞാനുതിർക്കുന്ന
എൻ കണ്ണീരിൻ പളുങ്കുകൾ
അലറിവിളിച്ച് വീഴുന്നു അഗ്നിയിൽ
വേദനയോടെ വിളറി വരണ്ടുപോയ്
ഞാനെന്ന ആത്മാവ് ! ഞാനെന്ന പ്രാണശില !





ഹാദിയ എം കെ

ക്ലാസ് : 9

# വനങ്ങളുടെ സൗഭാഗ്യം

## കവിത

സൂര്യന്റെ വെയിലിൽ നിന്ന് രക്ഷനേടാൻ
കിട്ടിയസൗഭാഗ്യമേ നിൻ –
ചൊടിയിൽ തുളുമ്പുന്ന ഇളംകാറ്റിൽ
ഞാൻ മയങ്ങിയിരിക്കുന്നുവോ?
മരമെന്ന വാക്കിൽ  ഞാൻ എന്നു–
മെന്നും നിന്നെ ഓർത്തിരുന്നു.
മരമേ എവിടുന്നു കിട്ടിയീതണൽ?
വിയർക്കുന്ന മനുഷ്യനിത്തിരി
തണൽ നല്കിയാലെന്താശ്വാസമായിരിക്കും?
ഇപ്പോൾ വനങ്ങളെ വെട്ടി
ഇലക്ട്രിക് തുണമാത്രമാക്കി
നിൻ  സൗഭാഗ്യത്തെ നശിപ്പിച്ച നാശകർ!!....

# കഥ

# കഷ്ടതകൾ മാത്രം കാണുന്ന അമ്മ


മനോഹരമായ പച്ചവിരിച്ച നിൽക്കുന്ന പനയോല പറമ്പ്. ആരുടേയും തുണയില്ലാതെ കഴിയുന്ന ഒരു കൊച്ചു കുടിൽ. ഒരിക്കലും ഉദിക്കാത്ത സൂര്യനില്ല.ഒരിക്കലും വാടാത്ത പൂക്കളില്ല.ഒരിക്കലും ജനിക്കാത്ത മനുഷ്യനില്ല. ജനിച്ചാൽ മരിക്കാത്ത മനുഷ്യനുമില്ല.എന്നതുപൊലെ ആരുടേയും അഭയം തേടാതെ തന്റെ മക്കളെ വളർത്തി വലിയതാക്കുന്നു. എന്നാൽ ആ പെൺക്കുട്ടിയുടെ ജീവിതത്തിന് ഒരു അർത്ഥമില്ലാതെ വരുന്നു. അച്ഛൻ മൺമറഞ്ഞു പോയി എന്നാൽ ആ അമ്മ അവളെ വളർത്തുകയാണ്.എത്ര ദാരിദ്ര്യം ഉണ്ടെങ്കിലും. ആ അമ്മയുടേയും മകളുടേയും സ്നേഹബന്ധത്തിന് ഒരിക്കലും ദാരിദ്ര്യം അനുഭവപ്പെടുന്നില്ല. സ്വന്തം ഭർത്താവിന്റേയും മക്കളുടേയും മരണത്തെ നേരിൽ കാണുന്ന ഒരു ദുർഭാഗിനിയായ മാതാവ്. പണ്ട് മകൾ സ്കൂളിൽ പോയിരുന്നക്കാലം. മകളുടെ കൈയ്യിൽ കുടയില്ല. കാലിൽ ചെരുപ്പില്ല. സ്കൂളിൽ പോകുമ്പോൾ ധരിക്കാൻ നല്ല വസ്ത്രമില്ല. എന്നാൽ ആരുടെ അടുത്തും ഇല്ലാത്ത ഒരു കാര്യം അവളുടെ അടുത്തുണ്ടായിരുന്നു. ഒരു വിദ്യാർത്ഥിക്കുവേണ്ട പഠിപ്പ്. അവൾ തന്റെ പഠനത്തെ തന്റെ ജീവിതത്തിനു തുല്യം സ്നേഹിച്ചു പഠിച്ചു. എന്നാൽ ആ കൊച്ചുമിടുക്കിയുടെ ജീവിതത്തിന് ഒരു തലതിരിവ് വരുമെന്ന് ആരും അറിഞ്ഞില്ല. ആർക്കും ഏതൊരവസ്ഥയിലും മുന്നിൽ നിൽക്കുന്ന അവൾ . അവൾക്കൊന്ന് പറ്റിയീട്ടുണ്ട് ഒരുത്തരും വന്നില്ല എന്ന് പറയുമ്പോൾ!........


അവൾ ജനിച്ചതു മുതൽ ഇന്നേവരെ അവൾ ആരെയും വേദനിപ്പിച്ചിട്ടില്ല. എന്നാൽ ആരേയും ചെറുതായി വേദനിപ്പിക്കാതെ തന്നെ അവൾ എല്ലാവരേയും മൊത്തമായി വേദനിപ്പിച്ചുകൊണ്ട് മൺ മറഞ്ഞുപോകുന്നു.എന്തിനാണെന്നറിയില്ല ഒരിക്കൽ ആ മിടുക്കിപെൺ കുട്ടി ക്ലാസുകഴിഞ്ഞ് വരുമ്പോൾ ഒരു മനസാക്ഷിയില്ലാത്ത ഏതേ ഒരുവൻ ആ പെൺകുട്ടിയെ ഒരു കറുത്ത കാറിൽ പിടിച്ചു കേറ്റി.ആരും കണ്ടില്ല അവളെ.എന്നാൽ മകളെ ഇത്രേ നേരമായിട്ടും കാണാതെ ആ അമ്മവിഷമിച്ചു.നല്ല ഇടിയും മിന്നലും, കോരിച്ചൊരിയുന്ന മഴ എന്തെന്നില്ലാത്ത അസാധാരണമായ ഭീതി ആ അമ്മയെ പൊതിയുകയാണ് ആ ഇരുട്ടിൽ.എവിടെ ചെല്ലണമെന്ന് അറിയാതെ തന്റെ മകളെ കാത്തുനിൽക്കുകയാണ് ആ അമ്മ.

അവൾ പോയെന്ന് കാറ്റ് ശക്തമായി അമ്മയോട് പറഞ്ഞു. അമ്മ അത് കേട്ടില്ല. ഇടിയും മിന്നലും മത്സരിച്ചു പറഞ്ഞു , കേട്ടില്ല. ആ അമ്മ ആ മഴയത്ത് ആരും കാണാതെ കരയുന്നുണ്ടായിരുന്നു. തന്നെ വിട്ടു എല്ലാവരും പോയി ഇനി ബാക്കി എന്നു പറയാൻ ആ കുടിലും ഒറ്റപ്പെട്ടുപോയ ആ അമ്മയും. അവളുടെ ശബ്ദം കേൾക്കാതെ നിൽക്കുന്ന പനയോലപ്പറമ്പും മാത്രം. പിറ്റേന്ന് പുഴവക്കത്തു ആരോ കൊന്നെറിഞ്ഞ സ്വന്തം മകളുടെ ശവത്തെ കാണാൻ കഴിയാതെ ആരും ഇല്ലാതെയായി. ഒരു ആശ്വാസ വാക്കുകൾ കേൾക്കാനുള്ള ഭാഗ്യം പോലും ആ അമ്മക്കില്ലാതെ പോകുന്നു. ഇനി ആർക്കുവേണ്ടി ജീവിക്കണമെന്ന് മനസ്സിൽ പറഞ്ഞു നടക്കുന്ന ആ അമ്മ ഒരു ഭ്രാന്തി മാതാവാകുന്നു. പനയോലപ്പറമ്പിലൂടെ ആർത്തുചിരിച്ചു നടക്കുന്ന ഒരു ഭ്രാന്തിയെന്നെ ജനങ്ങൾ പറയു എന്നാൽ

അവർകല്ലേ അറിയൂ। തന്നെ സംരക്ഷിക്കാനോ സ്നേഹിക്കാനോ ആരും ഇല്ലാത്തതിനാൽ ആത്മഹത്യക്കൊരുങ്ങുന്ന ഒരു സ്ത്രീയാണ് ഒരമ്മയാണെന്ന്। ഒരമ്മയുടെ ആർത്തു ചിരിക്കുന്ന ശബ്ദം ഇന്നും ആ പനയോലപ്പറമ്പിൽ കേൾക്കുന്നവരുണ്ട്. ആ അമ്മയുടെ ജീവിതം ഒരു കഥമാത്രമാകുന്നു। ആ അമ്മയുടെ ജീവിതം പുഴപോലെ ഒഴുകുകയാണ് ഇന്നും ആ വീട്ടിൽ.

***************************






# ഡിജിറ്റൽ പൂക്കളം

17

# ഒരു പരീക്ഷണ കഥ

അന്താരാഷ്ട്ര മോൾ ദിനത്തിൽ സ്കൂളിൽ 10 പഠിക്കുന്ന വിനായക ചേട്ടൻ അന്ന് അസംബ്ലിയിൽ വച്ച് ഒരു പരീക്ഷണം ചെയ്തു. തികച്ചും യാദൃശ്ചികം ആയിരുന്നു. ഒരു കഥയിലൂടെയാണ് ആ ചേട്ടൻ പരീക്ഷണം ചെയ്യ്തത്. ആ കഥ ഇങ്ങനെയായിരുന്നു. വിനായക ചേട്ടനും ചേട്ടൻറെ കൂട്ടുകാരും കൂടി മദ്യം വാങ്ങി റോഡരികിൽ നിൽക്കുകയായിരുന്നു. മദ്യമായി അവിടെ ഉപയോഗിച്ചത് അയോഡിൻ സൊലൂഷൻ ആയിരുന്നു. ലായനിക്ക മദ്യത്തിൻറെ നിറമായിരുന്നു. അതുകൊണ്ട് തന്നെ ചിലർക്ക് അത് അയോഡിൻ സൊല്യൂഷൻ ആണെന്ന് തിരിച്ചറിയാനായില്ല. കഥയിൽ പെട്ടെന്ന് പോലീസ് വന്നു. അപ്പോൾ കുപ്പി പുറകിൽ വച്ച് അതിലേക്ക് സോഡിയം തയോ സൾഫേറ്റ് ചേർക്കുന്നു. ചുരുങ്ങിയ സമയത്തിനകം അതെ പച്ചവെള്ളം പോലെയായി. ലായനിയാണ് സോഡിയം അയഡൈഡ്



\

# ലേഖനം

## നവമാധ്യമങ്ങളിലൂടെ.....



അഞ്ജലി സി എച്ച്
ക്ലാസ് 10

ഇന്നത്തെ വിദ്യാർതഥിസമൂഹത്തിൽ നേരിടുന്ന വലിയ ഒരു പ്രശ്നമാണ് നവമാധ്യമങ്ങളിലൂടെ ദ്ദുരുപയോഗം.ഇത്തരം മാധ്യമങ്ങളിലൂടെ നമുക്ക് എന്ന് നേട്ടമാണ് ഉപയോഗപ്രദമായി ഉണ്ടാകുന്നത് ? നവമാധ്യമങ്ങളുടെ ഉപയോഗം ദിവസങ്ങൾ തോറും കൂടി വരുന്ന അവസ്ഥയിലാണ് ഇന്നത്തെ സമൂഹം. ഇന്നത്തെ കാലഘട്ടത്തിലെ വിദ്യാർത്ഥികൾ ആരും നവമാധ്യമങ്ങളുടെ ശരിക്കുമുള്ള ഉപയോഗം എന്താണെന്ന് മനസ്സിലാക്കുന്നില്ല.ഇത്തരം മാധ്യമങ്ങൾ വിദ്യാർഥികൾ ഉപയോഗിക്കുന്നതിലൂടെ വിദ്യാർഥികൾക്ക് പഠനത്തോടുള്ള ശ്രദ്ധ കുറയുന്നു. കൂടാതെ ഇവർ പല മാനസിക സംഘർഷങ്ങൾക്ക് ഇരയായിത്തീരുന്നു. ഇത് ഉപയോഗിക്കുന്നതിലൂടെ വൈകാരികമായ തലത്തിൽ ഇവർ തളരുകയാണ്.



ഇപ്പോൾ എവിടെ നോക്കിയാലും ഓരോ കുട്ടിയുടെയും കൈയ്യിൽ മൊബൈൽ ഫോണാണ്. ചെറുപ്പത്തിൽ തന്നെ

മൊബൈൽ ഫോൺ പോലുള്ള ഇന്റർനെറ്റ് സംവിധാനം ലഭിക്കുന്ന ഉപകരണങ്ങൾ മാതാപിതാക്കൾ തന്നെയാണ് അവർക്ക് കൊടുത്ത് ശീലമാക്കുന്നത്. ഒരു വിധത്തിൽ വിദ്യാർത്ഥികളുടെ നവമാധ്യമങ്ങളുടെ ഉപയോഗത്തിന് കാരണമാകുന്നത് മാതാപിതാക്കൾ തന്നെയാണ്.മാതാപിതാക്കൾ അതിന്റെ ദൂഷ്യഫലം അറിയാതെയാണ് മക്കൾക്ക് ഇത് നൽകുന്നത്.

ഇത്തരം മാധ്യമങ്ങൾ ഉപയോഗിക്കുമ്പോൾ ഇവർക്ക് പഠനത്തോടുള്ള താൽപര്യം ദിവസേന കുറഞ്ഞുവരുകയാണ് ചെയ്യുന്നത്. ഓരോ വിദ്യാർ ഥികളും ഇതിന്റെ ദൂഷ്യഫലം അറിയുന്നില്ല. സ്വന്തം മാതാപിതാക്കൾ തന്നെ അവരെ പറഞ്ഞ് മനസ്സിലാക്കി കൊടുക്കുന്നില്ല. ഇത്തരം മാധ്യമങ്ങൾ ഉപയോഗിച്ചാൽ പിന്നെ എന്തൊക്കെ സംഭവിക്കും എന്നും ഇവർ ബോധവാൻമാരാകുന്നില്ല. ഇങ്ങനെ അമിതമായി ഇത് ഉപയോഗിക്കുമ്പോൾ ഓരോ കുട്ടിയുടെയും കഴിവ് കുറഞ്ഞുവരുകയാണ്. അവർ ഫോൺ എന്ന ഒരു ലോകത്തിൽ മാത്രം ഒരുങ്ങി തീരുന്നു. പുറം ലോകത്ത് എന്ത് സംഭവിക്കുന്നു എന്ന് പോലും ഇവർ അറിയുന്നില്ല. വിദ്യാർഥികൾക്ക് നവമാധ്യമങ്ങൾ എന്നത് ഒരു ഹരമായി മാറുകയാണ് ഇതിലൂടെ. ഇങ്ങനെ ദിവസംതോറും ഇത്തരം നവമാധ്യമങ്ങൾ ഉപയോഗിക്കുന്നതുമൂലം അവർ അതിന്റെ അടിമയായി മാറുന്നു. അവർ ഫോൺ എന്ന ലോകത്ത് മാത്രം മുഴുകിയിരിക്കുന്നു. ഇങ്ങനെ ഫോൺ ദിവസേന ഉപയോഗിക്കുന്നത് മൂലം വിദ്യാർഥികളുടെ കാഴ്ചപോലും കുറഞ്ഞുവരികയാണ്. മാതാപിതാക്കൾ നവമാധ്യമങ്ങളുടെ ദോഷഫലത്തെക്കുറിച്ച് അറിഞ്ഞിരിക്കണം. അതുപോലെത്തന്നെ വിദ്യാർഥികളും.

എന്നാൽ, ഇത്തരം നവമാധ്യമങ്ങളെ കൊണ്ട് നമുക്ക് കുറെ ഫലപ്രദമായ ഉപയോഗങ്ങൾ ഉണ്ട്. ഒന്ന് വിരൽ അമർത്തിയാൽ ലോകത്തെ കുറിച്ചുള്ള എല്ലാ വിവരങ്ങളും നമ്മുടെ കൈക്കുമ്പിളിൽ എത്തിക്കാം. അതിനുവേണ്ടി ഒന്ന് നന്നായി ചിന്തിച്ചാൽ മാത്രം മതി. ഇത്തരം മാധ്യമങ്ങൾ ദുരുപയോഗം ചെയ്യാതെ നമുക്ക് അറിവ് നേടാനുള്ള ഒരു കേന്ദ്രമാക്കി നമുക്ക് ഇതിനെ മാറ്റിയെടുക്കാം. ഗൂഗിൾ,വിക്കിപീടിയ പോലുള്ള നവമാധ്യമങ്ങൾ മമുക്ക് അറിവിന്റെ കേന്ദ്രങ്ങളാക്കി മാറ്റാം, നമ്മുടെ ഒരു വിരൽ കൊണ്ട്.വിദ്യാർഥികൾക്ക് തന്നെ ഇത് ഫലപ്രദമായി ഉപയോഗിക്കാൻ സാധിക്കും.നമ്മുടെ വിരൽത്തുമ്പിലൂടെ ഈ ലോകത്തെ എല്ലാ കാര്യങ്ങളും നമുക്ക് അറിഞ്ഞെടുക്കാം, പഠിച്ചെടുക്കാം.എല്ലാതരം നവമാധ്യമങ്ങൾക്കും ഒരു ഭാഗത്ത് ദൂഷ്യഫലമാണെങ്കിൽ മറുഭാഗത്ത് നല്ല ഫലങ്ങളാണ്. എല്ലാം മികച്ചത്.നമ്മൾ ദൂഷഫലം തേടിപ്പോകാതെ മല്ല വഴി തേടി നീങ്ങുകയാണ് വേണ്ടത്.




ഇപ്പോൾ വിദ്യാലയങ്ങളിൽ പോലും ഇന്റെർനെറ്റ് സൗകര്യം കേരളസർക്കാർ ലഭ്യമാക്കുന്നുണ്ട്. അത് വിദ്യാർഥികളുടെ ഗുണനിലവാരത്തോടുകൂടിയെും മികട്ടതും ആയ പഠനത്തിന് വേണ്ടിയാണ്. ഇത്തരം മാധ്യമങ്ങൾ വിദ്യാലയങ്ങളിൽ ഉപയോഗിക്കുമ്പോൾ ഇവർക്ക് മല്ല രീതിയിലുള്ള വിദ്യാഭ്യസമാണ് ലഭിക്കുക.അറിവിന്റെ കേന്ദ്രത്തിലോട്ട് ഇവർ കണ്ണ് തുറക്കുന്നു. നവമാധ്യമങ്ങൾ ദുരുപയോഗം ചെയ്യാതിരിക്കാൻ ഒരു സംഘടന തന്നെ

ഇവർ രൂപീകരിച്ചു.സൈബർ കമ്മീഷൻഎന്നാണ് അതിന്റെ പേര്.ഇതിലൂടെ ഇത്തരം മാധ്യമങ്ങൾ ദുരുപയോഗം ചെയ്യുന്നത് നമുക്ക് തടയാം.

&&&&&&&&&&&&&&&&&&&&&&

കഥ

# അനു



ദേവനന്ദ വി വി ക്ലാസ് 9

കോരിച്ചൊരിയുന്ന മഴ. കനത്ത ഇരുട്ട്. മാനത്ത് ഇടിയും മിന്നലും. ഇടിയും മിന്നലും ഏൽക്കുന്നത് അയാളുടെ മനസ്സിലായിരുന്നു. അയാൾ വീണ്ടും മൊബൈൽ എടുത്ത് വിളിക്കാൻ തുടങ്ങി. 'ഹലോ ആരാ നിങ്ങൾ'ഞാൻ അനുവിന്റെ അച്ഛനാ ടീച്ചറേ....' ഓ എന്തിനാ വിളിച്ചെ 'എന്റെ മോള് ഇതുവരെ വീട്ടിൽ എത്തിയിട്ടില്ല.സ്കൂൾ വിട്ട് ഒരുപാട് നേരമായി. അയ്യോ ഞാൻ വീട്ടിൽ എത്തിയല്ലോ, പെട്ടെന്ന് ഒരു ശബ്ദവും കേൾക്കുന്നില്ല. ഹലോ, ഹലോ. അയാൾ മൊബൈൽ സ്വിച്ച്

ഓഫ് ആക്കിയിരുന്നു. മഴയത്തയാൾ കുടയുമെടുത്ത് മകളെ തിരയാൻ ഇറങ്ങി. സ്കൂളിലും അയാൾക്കറിയുന്ന തന്റെ മകളുടെ കൂട്ടുകാരുടെയും വീട്ടിൽ അന്വേഷിച്ചു. എവിടെയും കാണുന്നില്ല .

ഒരു നിമിഷ നേരത്തേക്ക് അയാൾ ആകെ തകർന്നു പോയി. വഴിയോരത്തുള്ള പീടികയുടെ വരാന്തയിൽ ഇരുന്നു. സമയം ഏഴ് മണി കഴിഞ്ഞു. കടക്കാരൻ കടയടച്ചു. എന്താ രാമേട്ടാ ഈ നേരത്തിവിടെ. ഇന്ന് ഞാൻ കുറച്ച് നേരത്തേ കടയടക്കുവാ. മക്കളുടെ പിറന്നാളാണേ.ങാ...ഞാൻ ഓർക്കുന്നു അനു പറഞ്ഞിരുന്നു. അയാൾ ഒരു പരുക്കൻ ശബ്ദത്തോടെ പറഞ്ഞു. എന്താ രാമേട്ടാ മുഖം ഒന്നു വാടിയല്ലോ? അത്.......
പെട്ടെന്ന് ഒരു വലിയ ഇടിയും മിന്നലും ഓ ഈ നശിച്ച മഴയും ഇടിയും മിന്നലും. എന്നാൽ പിന്നെ ഞാൻ പോകുവാ. അങ്ങോട്ടും ഇങ്ങോട്ടും ഒന്നും ചോദിക്കാതെ അയാൾ കടയുമടച്ച് വീട്ടിലേക്ക് പോയി. തന്റെ സങ്കടങ്ങൾ ആരോടും പറയാൻ കഴിയാതെ അയാൾ അവിടെ ഇരുന്നു. പിന്നിൽ നിന്നും ഒരു ശബ്ദം കേട്ടു. അയാൾ തിരിഞ്ഞു നോക്കി. അച്ഛാ....... അയാൾ ചുറ്റിലും നോക്കി. അസാധാരണമായ ഭീതി അയാളെ പൊതിഞ്ഞു. കടയുടെ പിൻഭാഗത്തുള്ള പടികളിലൂടെ അയാൾ നീങ്ങി. നടക്കുന്തോറും ശബ്ദം അടുത്തുവരുന്നതായി തോന്നി.' 'ആ...... അച്ഛാ"..... അയാൾ ഒന്നു ഞെട്ടി. അരികെയുള്ള മുറിയുടെ ജനാലപതുക്കെ അയാൾ തള്ളി. മകളെ കാണാൻ സാധിച്ചില്ല. അയാൾ എത്തിനോക്കി. മകൾ മുറിയുടെ ഒറ്റ മൂലയിൽ ഇരുന്നു വിങ്ങിപ്പൊട്ടി കരയുകയായിരുന്നു. "അനു മോളേ"…..അവൾ ഒന്ന് തലയുയർത്തി. അച്ഛാ…..അയാൾ വാതിൽ തുറന്നു. തന്റെ മകളുടെ കൈയ്യും കെട്ടിയിരിക്കുന്ന കാഴ്ച്ച അയാളെ സങ്കടപ്പെടുത്തി. അയാൾ കെട്ടഴിച്ചു. എന്തെന്നറിയാത്ത

സന്തോഷത്താൽ അവൾ അച്ഛനെ കെട്ടിപ്പിടിച്ചു. അച്ഛൻ അനുവിനെ വാരിയെടുത്തു. എന്താ മോളേ സംഭവിച്ചേ?... അച്ഛാ ഞാൻ....അത്....പെട്ടെന്ന് എന്തോ ഒരു ശബ്ദം അയാൾ കേട്ടു. അനുവിന്റെ വായ അയാൾ പൊത്തിപ്പിടിച്ചു. ആ ഒരു കൂട്ടം സംഘം കാണാതെ അയാൾ മകളെയും കൂട്ടിവീട്ടിലെത്തി. നടന്നതെന്തെന്ന് അയാൾ ചോദിക്കാൻ നിന്നില്ല.

**************

# പട്ടുവം ഗ്രാമത്തിന്റെ ചരിത്രത്തിലേക്ക് ഒരെത്തിനോട്ടം



പ്രകൃതി സൗന്ദര്യം നിറഞ്ഞു തുളുമ്പി നിൽക്കുന്ന ഒരു കൊച്ചു ഗ്രാമമാണ് പട്ടുവം. ഗ്രാമത്തിൻറെ മൂന്നുഭാഗവും പുഴകളാണ്. വടക്ക് കുപ്പം പുഴ, തെക്കേ വെള്ളിക്കീൽ പുഴ, ഇവ രണ്ടും സംഗമിച്ച് പടിഞ്ഞാറോട്ടൊഴുകുന്ന പഴയങ്ങാടി പുഴ, കുന്നിൻ പുറങ്ങളിൽ കപ്പുറം കിഴക്ക് തളിപ്പറമ്പ് നഗരം. ചെറിയ കുന്നുകളും വിശാലമായ വയലുകളും കുഞ്ഞു തോടുകളും തെങ്ങും വാഴയും കവുങ്ങും നിറഞ്ഞ പറമ്പുകൾ എല്ലാം എല്ലാം ഈ ഗ്രാമ സൗന്ദര്യത്തിന് മാറ്റുകൂട്ടുന്നു.

പട്ടം ഗ്രാമത്തിനെ ആ പേര് വന്നത് ഭൂമിശാസ്ത്രപരമായ കാരണങ്ങളാലാണ്. പട്ടുവം എന്നാൽ ചോറ്റു നിലം എന്നാണ് അർത്ഥം. കൈ പാടുകൾ നിറഞ്ഞ നിറഞ്ഞതും വയലുകൾ നിറഞ്ഞതുമായ പ്രദേശം ആയതുകൊണ്ടാവും പട്ടുവം എന്ന പേര് വന്നത്. ഇവിടെ പട്ട്

വ്യവസായം ഉണ്ടായിരുന്നത് കൊണ്ടാണ് പട്ടുവം എന്ന പേര് വന്നത് എന്നും മറ്റുമുള്ള മറ്റുള്ള നിരീക്ഷണങ്ങൾ സാങ്കല്പികം മാത്രമാണ്.

മഹാശിലായുഗ മുതൽതന്നെ പട്ടുവം ഗ്രാമത്തിലും മനുഷ്യവാസം ഉണ്ടായിരുന്നു എന്ന് അനുമാനിക്കാവുന്നതാണ്. ഇവിടുത്തെ കുന്നിൻ പ്രദേശങ്ങളിൽ പലയിടത്തായി കല്ലറകൾ തൊപ്പി കല്ലുകൾ, കുടക്കല്ലുകൾ, മൺപാത്രങ്ങളുടെ അവശിഷ്ടങ്ങൾ എന്നിവ കാണാൻ കഴിഞ്ഞിട്ടുണ്ട്. ചിറക്കൽ കോവിലകത്തെ നിയന്ത്രണത്തിലായിരുന്നു നമ്മുടെ പട്ടുവം ഗ്രാമത്തിലെ കുഞ്ഞി മതിലകം, വലിയ മതിലകം ക്ഷേത്രങ്ങൾ. പരിസരങ്ങളിൽ ക്ഷേത്ര പരിസരങ്ങളിൽ നാട്ടുകൂട്ടം നടന്നിരുന്നു നാട്ടിലെ പ്രശ്നങ്ങൾ ചർച്ച ചെയ്യപ്പെടുന്നതും, കളവ് തുടങ്ങിയ കുറ്റകൃത്യങ്ങൾക്ക് ശിക്ഷ നിർണയിക്കുന്നതും നാട്ടു കൂട്ടങ്ങളിൽ ആയിരുന്നു. കോവിലകംനിയന്ത്രണത്തിലുണ്ടായിരുന്ന ക്ഷേത്രങ്ങൾക്ക് പുറമേ വിവിധ സമുദായങ്ങളുടെയും കുടുംബങ്ങളുടെയും വക കാവുകളും കോട്ടങ്ങളും ധാരാളമുണ്ട്. ഇവയിൽ വടക്കേ കാവ് എന്നറിയപ്പെടുന്ന പഞ്ചുരുളി കാവ്, പൂമാലക്കാവ്, പറപ്പൂൽ കാവ്, മുള്ളൂൽകാവ് എന്നിവ പ്രശസ്ത ആണ്. നാഗാരാധന നടത്ത പെടുന്ന കയ്യെത്തും നാഗക്ഷേത്രം പ്രസിദ്ധമാണ്.

പട്ടുവത്തെ ഏറ്റവും പഴക്കമുള്ള മുസ്ലിം പള്ളികളിൽ പട്ടുവം ജുമാഅത്ത് പള്ളിയും അരിയിൽ പള്ളിയും ആണ്. കാവുങ്കൽ, മുതുകുട, കുത്താട്ട് തുടങ്ങിയ പ്രദേശങ്ങളിലെല്ലാം ഇപ്പോൾ മുസ്ലിം പള്ളികളുണ്ട്. 1960-കളിലാണ് പട്ടുവത്തെ ക്രിസ്തീയ മതാനുയായികൾ ഉണ്ടാകുന്നത്. ഫാദർ കൈ റോണിയുടെയും തുടർന്ന് ഫാദർ സുക്കോ ലിൻറെ യും നേതൃത്വത്തിലാണ് ക്രൈസ്തവദേവാലയം സ്ഥാപിതമായത്.

കന്യാസ്ത്രീകൾ നടത്തിവരുന്ന ദീന സേവന സഭയുടെ സ്നേഹ നികേതനം മറ്റ് ആതുരശുശ്രൂഷാ കേന്ദ്രങ്ങളും വർഷങ്ങളായി സേവനപ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്.

പട്ടുവം അക്ഷരാർത്ഥത്തിൽ ഒരു കാർഷിക ഗ്രാമമാണ്. നെല്ല് തന്നെ പ്രധാന കൃഷി. കൈ പാട്ടുകളിലും വയലുകളിലും കുന്നിൻ പുറങ്ങളിലും നെൽകൃഷി ചെയ്തിരുന്നു. ആദ്യകാലങ്ങളിൽ കഴമ, ഓർ കുതിര തവളക്കണ്ണൻ, കുഞ്ഞി നെല്ല്, ചിറ്റേനി, തുടങ്ങിയ നാടൻ വിത്തിനങ്ങളാണ് കൃഷിചെയ്തിരുന്നത്. കൃഷി ചെയ്തിരുന്നു.

ജാതി മേധാവിത്വവും തൊട്ടുകൂടായ്മയും തീണ്ടിക്കൂടായ്മയും ഒക്കെ അക്കാലത്തെ നിലനിന്നിരുന്നു.

സ്വാതന്ത്ര്യസമര കാല ഘട്ടങ്ങളിൽദേശീയപ്രസ്ഥാനവും ആയും കർഷക പ്രസ്ഥാനവും ആയി കാര്യമായ ബന്ധമൊന്നും ഈ ഗ്രാമത്തിൽ ഉണ്ടായിരുന്നില്ല. ഗ്രാമത്തിൻറെ ഭൂമിശാസ്ത്രപരമായ കിടപ്പ് ഇതിനെ കാരണമായിട്ടുണ്ടാകാം. എന്നാൽ സാമൂഹ്യ പരിഷ്കർത്താവായിരുന്ന സ്വാമി ആനന്ദതീർത്ഥൻ റെയും മറ്റു പ്രവർത്തനങ്ങൾ വ്യാപിച്ചിരുന്നു. പട്ടികജാതി ജന വിഭാഗങ്ങളിലെ കുട്ടികൾക്ക് വേണ്ടി ഒരു വിദ്യാലയം ഇവിടെ സ്ഥാപിക്കപ്പെട്ടത് അതിൻറെ ഫലമായിട്ടായിരുന്നു.

നാട്ടെഴുത്ത് അച്ഛന്മാരും പൂര പണിക്കന്മാരും തച്ചുശാസ്ത്രം വിദഗ്ധരുംസ്വർണാഭരണ നിർമ്മാണത്തിൽ പ്രശസ്തരായ ഗ്രാമത്തിലുണ്ടായിരുന്നു. പട്ടുവം യുപി സ്കൂൾ, ഗവൺമെൻറ് ഹരിജൻ വെൽഫെയർ ,എ എൽ പി സ്കൂൾ, പട്ടുവം ഗവൺമെൻറ് എൽ പി സ്കൂൾ, മുതുകട എൽപി സ്കൂൾ, അരിയിൽ ജി എൽ പി സ്കൂൾ, അടിയിൽ ഈസ്റ്റ് എൽ പി സ്കൂൾ, എന്നീ വിദ്യാലയങ്ങൾ എല്ലാം

എത്രയോ തലമുറകൾക്ക് വിദ്യപകർന്നു സ്ഥാപനങ്ങളാണ്. 1980 മുതലാണ് പട്ടുവം ഗവൺമെൻറ് ഹൈസ്കൂൾ പ്രവർത്തിക്കാൻ തുടങ്ങിയത്. ഇന്നത്ഹയർസെക്കൻഡറി ആയി ഉയർത്തപ്പെട്ടിട്ടുണ്ട്. ഇതുകൂടാതെ കയ്യം തടത്തിൽ മോഡൽ റസിഡൻഷ്യൽ സ്കൂളും, അപ്ലൈഡ് സയൻസ് കോളേജ് അടുത്ത കാലങ്ങളിലായി പ്രവർത്തിച്ചുവരുന്നു.

കലാസമിതിയുടെ യും വായനശാലയും പ്രവർത്തനം 1940 50 കാലഘട്ടങ്ങളിൽ തന്നെ നല്ല നിലയിൽ തുടങ്ങിയിരുന്നു. 1980 കൾ വരെ അമേച്വർ നാടകങ്ങളും മറ്റും കലാ പരിപാടികൾ ഒക്കെ അവതരിപ്പിച്ച കൊണ്ട് പുത്തനുണർവ് സൃഷ്ടിച്ചിരുന്ന കലാസമിതി പലതും നിർജീവം ആകുന്ന അവസ്ഥയാണ് പിന്നീടുണ്ടായത്.

മൂന്ന് ഭാഗവും പുഴകൾ ആൽ ചുറ്റപ്പെട്ട പട്ടുവത്ത് ഇന്ന് മറ്റു പ്രദേശങ്ങളിലുമായി ബന്ധപ്പെടാൻ പണ്ടുകാലത്തെ പ്രധാനമായും കടത്തുതോണി കളയാണ് ആശ്രയിച്ചിരുന്നത് ആശ്രയിച്ചിരുന്നത്. പട്ടുവം പ്രത്യേക പഞ്ചായത്തായി മാറിയശേഷം 1980 കൾ മുതൽ ആണ് ഇവിടെ വികസനത്തിന് വെള്ളിവെളിച്ചം കടന്നുവരാൻ തുടങ്ങിയത്. പട്ടുവത്തെ ഹൈസ്കൂൾ സ്ഥാപിക്കപ്പെട്ടതും തളിപ്പറമ്പ് പട്ടുവം റോഡ് ടാർ ചെയ്തു ഗതാഗതയോഗ്യമാക്കതൊക്കെ കാലങ്ങളിലാണ്.

ഗ്രാമ പഞ്ചായത്തുകൾക്ക് കൂടുതൽ അധികാരങ്ങൾ നൽകുന്ന അധികാര വികേന്ദ്രീകരണവും ജനകീയാസൂത്രണം ഒക്കെ നടപ്പിൽ ആയതോടെ വലിയ വികസനങ്ങൾ ഈ ഗ്രാമത്തിൽ ഉണ്ടായി. എല്ലാ വീടുകളിലും വൈദ്യുതി എത്തി. പ്രാഥമിക ആരോഗ്യ കേന്ദ്രം, ആയുർവേദ ഹോമിയോ ആശുപത്രികൾ, മത്സ്യഭവൻ എന്നീ സ്ഥാപനങ്ങളുടെ

പ്രവർത്തനങ്ങൾ ആരംഭിച്ചതോടെ ഗ്രാമത്തിൻറെ ഉൾപ്രദേശങ്ങളിൽ വളരെ നല്ല റോഡുകൾ നിർമിക്കപ്പെട്ടു. ജപ്പാൻ കുടിവെള്ള പദ്ധതി നടപ്പിലാക്കിയതോടെ കുടിവെള്ള പ്രശ്നത്തിന് പരിഹാരം ഉണ്ടായി.

ഇത്തരം വികസനങ്ങൾ ഒക്കെ ഉണ്ടായെങ്കിലും കാർഷിക മേഖല ഏറെ പിന്നോക്കം പോയി. നെൽ കൃഷി ചെയ്യാത്ത വയലുകളും മുക്കാൽഭാഗവും ഇന്ന് തരിശായി കിടക്കുകയാണ്. സർക്കാരിൽ നിന്നുള്ള ആനുകൂല്യങ്ങളും പ്രോത്സാഹനവും ഓക്കേ ലഭ്യമായിട്ടും ഈ മേഖലയിൽ മുരടിപ്പ് തുടരുകയാണ്. പുതിയ തലമുറ കൃഷിയോട് മുഖം തിരിച്ച നടക്കുന്നു. മണ്ണിലിറങ്ങിയ വിയർപ്പു പൊടിഞ്ഞ പണിയെടുക്കാൻ താല്പര്യമുള്ളവരുടെ എണ്ണം ചുരുങ്ങി കൊണ്ടിരിക്കുകയാണ്.

************************************

# ആഘോഷങ്ങൾ, ദിനാചരണങ്ങൾ &

## ക്യാമ്പുകൾ









Field Outreach Bureau
ഫീൽഡ് ഔട്ട്റീച്ച് ബ്യൂറോ
Kannur
SPECIAL OUTREACH PROGRAMME
പ്രത്യേക ജനസമ്പർക്ക പരിപാടി
2-DAYS YOGA AWARENESS PROGRAMME
ദ്വിദിന യോഗ ബോധവത്കരണ പരിപാടി
15-17 JUNE 2019
GOVT. HIGHER SECONDERY SCHOOL, PATTUVAM
Co-ordination with Pattuvam Grama Panchayat, GHSS, Pattuvam






മഹാത്മജിക്ക്
150

## 33ലിറ്റിൽ കൈറ്റ്സ്


















# നന്ദി